103/est/18

## തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ. പി.ആർ സജികുമാർ)

വിഷയം : തസ്വഭവ - ജീവനക്കാര്യം - ക്ലർക്കുമാർക്ക് നൽകിയ താൽക്കാലിക സ്ഥാനക്കയറ്റം - യോഗ്യതാ പരീക്ഷ വിജയിക്കാത്തവരെ പൂർവ്വ തസ്തികയിൽ പുനഃസ്ഥാപിച്ചു കൊണ്ട് ഉത്തരവാകുന്നു.

സൂചന :
1) 24.05.2014-ലെ ജി.ഒ(ആർ.റ്റി)നം. 1278/14/തസ്വഭവ നം. സർക്കാർ ഉത്തരവ്
2) 17.06.2014-ലെ ഈ ഓഫീസിലെ എ1-1001/2013/സി.ഇ/തസ്വഭവ ഉത്തരവ്
3) 11.08.2014-ലെ ഈ ഓഫീസിലെ എ1-1001/2013/സി.ഇ/തസ്വഭവ ഉത്തരവ്
4) ഈ ഓഫീസിലെ 08/12/2016 ലെ എ1-1001/2013/സി.ഇ/തസ്വഭവ ഉത്തരവ്
5) ഈ ഓഫീസിലെ 09.03.2017 ലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ് നം. എ1-1001/2013/സി.ഇ/തസ്വഭവ (Vol II) (1) തീയതി 23.03.2018

ഈ വകുപ്പിലെ ക്ലർക്കുമാരുടെ അന്തിമ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെട്ട ഓപ്റ്റീമാരിൽ പ്രൊബേഷൻ പൂർത്തീകരിച്ചവരും, എന്നാൽ നിർദ്ദിഷ്ട വകുപ്പുതല യോഗ്യതാ പരീക്ഷ വിജയിക്കാത്തവരുമായ 56 പേരെ 24.05.2016-നകം നിർദ്ദിഷ്ട വകുപ്പുതല യോഗ്യതാ പരീക്ഷ വിജയിക്കണമെന്ന നിബന്ധനയോടെ സീനിയർ ക്ലർക്കായി സൂചന (2), (3) ഉത്തരവുകൾ പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം നൽകി നിയമിക്കുകയുണ്ടായി.

സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം വകുപ്പുതല യോഗ്യതാ പരീക്ഷ വിജയിക്കുന്നതിന് അനുവദനീയമായ 2 വർഷ കാലയളവായ 24.05.2016-നകം നിർദ്ദിഷ്ട യോഗ്യതാ പരീക്ഷ വിജയിച്ച 19 സീനിയർ ക്ലർക്കുമാരെയും, 50 വയസ് പൂർത്തീകരിച്ച 6 സീനിയർ ക്ലർക്കുമാരെയും സൂചന (4), (5) പ്രകാരം ക്രമവത്കരിച്ച് ഉത്തരവായിട്ടുണ്ട്. ശ്രീ. ബിജോമോൻ. എ.ആർ, ശ്രീ. ജിതിൻ. എ.ടി എന്നിവർക്ക് കെ.എസ്. & എസ്.എസ്.ആർ റൂൾ 13 (എ) പ്രകാരം വകുപ്പുതല യോഗ്യതാപരീക്ഷ വിജയിക്കുന്നതിന് ലഭിക്കുന്ന 3 വർഷ ഇളവ് പ്രകാരം 24.05.2017-നകം വകുപ്പുതല യോഗ്യതാപരീക്ഷ വിജയിക്കണമെന്ന നിബന്ധനയോടെ നൽകിയ സൂചന (5) ഭേദഗതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ടി നിർദ്ദിഷ്ട കാലയളവിനുള്ളിൽ വകുപ്പുതല യോഗ്യതാപരീക്ഷ വിജയിക്കാത്തതിനാൽ ശ്രീ. ബിജോമോൻ. എ.ആർ, ശ്രീ. ജിതിൻ. എ.ടി എന്നിവരെ പൂർവ്വ തസ്തികയിൽ പുനഃസ്ഥാപിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി കാലയളവിനുള്ളിൽ അധികവേതനം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ തിരികെപ്പിടിക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതും, ആവശ്യമായ രേഖപ്പെടുത്തലുകൾ സേവനപുസ്തകത്തിൽ വരുത്തേണ്ടതും, പ്രസ്തുത വിവരം ഈ ഓഫീസിനെ അറിയിക്കേണ്ടതുമാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

പകർപ്പ്
വ്യക്തിക്ക്

പകർപ്പ് :
1) ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്
2) എക്സി. എഞ്ചിനീയർ, ജില്ലാപഞ്ചായത്ത് ....................
3) സീനിയോരിറ്റി സെൽ, ചീഫ് എഞ്ചിനീയറുടെ ഓഫീസ്, എൽ.എസ്.ജി.ഡി
4) എ1 സെക്ഷൻ
5) സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

**സീനിയർ സൂപ്രണ്ട്**
(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല)

P 394